LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ടി. പി. പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന്റെ ചെക്കുകൾ ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി

146 [1383] ശ്രീ. ജോണി നെല്ലൂർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി.-യുടെ ഭാഗമായി ഭൂമി ഏറ്റെടുത്തതിന് ചെക്കുകൾ നൽകിയെങ്കിലും ഇവ ട്രഷറി നിയന്ത്രണംമൂലം മാറി കിട്ടാത്തതിനാൽ നടപടികൾ തടസ്സപ്പെട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള ചെക്കുകൾ ട്രഷറി ബാനിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഉത്തരവാകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ടി.പി.-യുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിന് നൽകിയ ചെക്കുകൾ ട്രഷറിയിൽനിന്ന് മാറിക്കിട്ടാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ചെക്കുകളെ ട്രഷറി ബാനിൽനിന്ന് ഒഴിവാക്കി ഉത്തരവായിട്ടുണ്ട്.

(സി) ബാധകമല്ല.

റോഡില്ലാത്ത പ്രദേശങ്ങളെക്കുറിച്ചുള്ള പഠനം

147 [1384] ശ്രീ. ടി. യു. രാധാകൃഷ്ണൻ,
,, കെ. എ. ചന്ദ്രൻ:
,, ടി. എൻ. പ്രതാപൻ:
,, എ. സുജനപാൽ:
,, പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡില്ലാത്ത എത്ര പ്രദേശങ്ങളുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ; ഇല്ലാത്തപക്ഷം അതേപ്പറ്റി പഠനം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രദേശങ്ങളിലേക്ക് റോഡ് നിർമ്മിക്കുന്നതിന് മുൻഗണന നൽകുമോ?